കേരള സർക്കാർ

(സംഗ്രഹം)

പത്താം പഞ്ചവത്സരപദ്ധതി – തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണം – വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ – ഭേദഗതി ചെയ്ത് – ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആസൂത്രണ സാമ്പത്തിക കാര്യ(എ) വകുപ്പ്

ജി.ഒ. (എം.എസ്) നമ്പർ 46/2004/പ്ളാനിംഗ് തിരുവനന്തപുരം, 2004, ജൂൺ 11

---

പരാമർശം: 1. 31.3.2004–ലെ ജി.ഒ. (എം.എസ്)40/2004/ പ്ളാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.5.2004– ലെ കെ.എസ്.ബി. 1501–2004 നമ്പർ കുറിപ്പ്

ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങൾ പത്താം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ മുകളിൽ ഒന്നാമതായി പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം അഗതികൾക്ക് വേണ്ടി "ആശ്രയ" പ്രോജക്ട് തയ്യാറാക്കുക എന്നത് ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിററികളുടേയും കോർപ്പറേഷനുകളുടെയും ചുമതലയാണ്. അതുപകാരം അഗതികുടുംബങ്ങളെ കണ്ടെത്തുന്നതിന് ഗ്രാമപ്രദേശങ്ങൾക്കും നഗരപ്രദേശങ്ങൾക്കും ഒരേ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിരുന്നത്.

2. എന്നാൽ നഗര പ്രദേശങ്ങളിൽ അഗതികളെ കണ്ടെത്തുന്നതിന് അഗതികളുടെ ദാരിദ്ര്യത്തിന്റെ പ്രത്യകതയ്ക്കനുസൃതമായി മാനദണ്ഡങ്ങൾ പരിഷ്കരിക്കേണ്ടതുണ്ടെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. പ്രസ്തുത ആവശ്യം ഗവൺമെന്റ് വിശദമായി പരിശോധിച്ച് മുകളിൽ ഒന്നാമതായി പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ ചുവടെ വിവരിക്കുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അഗതികളെ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാസ്ഥാപനങ്ങൾക്കും ചുവടെകൊടുത്തിരിക്കുന്ന വ്യത്യസ്ഥ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നു.

*(A) ഗ്രാമപഞ്ചായത്തുകൾ*

(a) ചുവടെകൊടുത്തിരിക്കുന്ന ഒൻപത് മാനദണ്ഡങ്ങളിൽ (9 ക്ലേശ ഘടകങ്ങൾ) ഏഴ് എണ്ണമെങ്കിലും ബാധകമായ എല്ലാ കുടുംബങ്ങളുടെയും പട്ടിക തയ്യാറാക്കണം

(i) ഉറപ്പുള്ള തറയും സ്ഥിരമായ മേൽക്കൂരയുമില്ലാത്ത വീട്
(ii) ശുദ്ധജലം ഇല്ലായ്മ
(iii) ശുചിത്വമുള്ള കക്കൂസ് ഇല്ലായ്മ
(iv) പ്രായപൂർത്തിയായ നിരക്ഷരൻ ഉള്ള കുടുംബം
(v) ഒരാളിൽ കൂടുതൽ തൊഴിൽ ചെയ്യാനില്ലാത്ത കുടുംബം
(vi) രണ്ടുനേരം പോലും മതിയായ ആഹാരം കഴിക്കാനില്ലാത്ത കുടുംബം
(vii) അഞ്ചു വയസ്സിൽ താഴെ പ്രായമുള്ള ശിശുക്കൾ ഉള്ള കുടുംബം
(viii) മദ്യത്തിനോ മയക്കുമരുന്നിനോ അടിമപ്പെട്ട അംഗമുള്ള കുടുംബം
(ix) പട്ടികജാതി/പട്ടികവർഗ്ഗ കുടുംബം.

(b) ഇപ്രകാരം കണ്ടെത്തുന്ന കുടുംബങ്ങളെ ചുവടെ വിവരിക്കുന്ന എട്ട് മാനദണ്ഡങ്ങളുടെ (8 പ്രത്യേക പ്രശ്നങ്ങൾ) അടിസ്ഥാനത്തിൽ വീണ്ടും പരിശോധിക്കണം. അതായത്, തയ്യാറാക്കപ്പെട്ട പട്ടികയിൽ ചുവടെ വിവരിക്കുന്ന മാനദണ്ഡങ്ങളിൽ എതെങ്കിലും ഒന്ന് ബാധകമായ കുടുംബത്തെ അഗതി കുടുംബമായി കണക്കാക്കാവുന്നതാണ്

(i) ഭവന നിർമ്മാണത്തിന് ഭൂമി ഇല്ലാത്തവർ (പുറമ്പോക്കുഭൂമി, വനഭൂമി, കനാലുകളുടെയും പാടശേഖരങ്ങളുടെയും പുറംബണ്ടുകൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർ
(ii) രാത്രികാലം പൊതുസ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ
(iii) അവിവാഹിതരായ അമ്മമാർ/മക്കളെ വളർത്താനുള്ള ചുമതല ഒറ്റക്ക് നിർവ്വഹിക്കുന്ന മാതാവോ പിതാവോ/ഭർത്താവുമായി വേർപിരിഞ്ഞ് ദുരിതമനുഭവിക്കുന്ന വനിതകൾ
(iv) സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകൾ ആകേണ്ടിവന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ
(v) തീരാവ്യാധികൾ പിടിപെട്ടവരും ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരും
(vi) കുടുംബത്തിൽ ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരും തന്നെയില്ലാത്ത കുടുംബം
(vii) ഭിക്ഷാടനം തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ
(viii) അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ

*(B) നഗരസഭാ സ്ഥാപനങ്ങൾ*

(a)ചുവടെ കൊടുത്തിരിക്കുന്ന(9 ക്ലേശ ഘടകങ്ങൾ) ആറ് എണ്ണമെങ്കിലും ബാധകമായ എല്ലാ കുടുംബങ്ങളുടേയും പട്ടിക തയ്യാറാക്കണം

(i) ഭൂരഹിതർ/ 5 സെന്റിൽ കുറവ് ഭൂമി ഉള്ളവർ
(ii) ഭവനരഹിതർ/ ജീർണ്ണിച്ച വീട് ഉള്ളവർ
(iii) ശുചിത്വമുള്ള കക്കൂസ് ഇല്ലാത്തവർ
(iv) 150 മീറ്ററിനുള്ളിൽ ശുദ്ധജലം ലഭ്യമില്ലായ്മ
(v) വനിത കുടുംബനാഥയായിട്ടുള്ള കുടുംബം/വിധവ, വിവാഹമോചനം നേടിയ വനിത, ഭർത്താവ് ഉപേക്ഷിച്ച വനിത, അവിവാഹിതയായ അമ്മ ഇവരിൽ ഒരാൾ ഉള്ള കുടുംബം.
(vi) സ്ഥിര ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം
(vii) പട്ടികജാതി/പട്ടികവർഗ്ഗ കുടുംബം
(viii) ശാരീരികമോ മാനസികമോ ആയ വെല്ലുവിളികൾ നേരിടുന്നവരോ തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം
(ix) കളർ ടി.വി. ഇല്ലാത്ത കുടുംബം

(b) ഇപ്രകാരം കണ്ടെത്തുന്ന കുടുംബങ്ങളെ ചുവടെ പിപരിക്കുന്ന പത്ത് മാനദണ്ഡളിലുടെ (10 പ്രത്യേക പ്രശ്നങ്ങൾ) അടിസ്ഥാനത്തിൽ വീണ്ടും പരിശോധിക്കണം. അതായത്, തയ്യാറാക്കപ്പെട്ടപട്ടികയിൽ ചുവടെ വിവരിക്കുന്ന മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്ന് ബാധകമായ കുടുംബത്തെ അഗതി കുടുംബമായി കണക്കാക്കാവുന്നതാണ്.

(i) രാത്രികാലം, പൊതുസ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ
(ii) ഭിക്ഷാടനം തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ
(iii) സാമ്പത്തിക പരാധീനതകൾ അനിഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ / വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ
(iv) ഭക്ഷണത്തിന് വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരും തന്നെയില്ലാത്ത കുടുംബം
(v) അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ
(vi) തെരുവു കുട്ടികൾ, ദുർഗുണ പരിഹാര പാഠശാല (juvenile Home)/ അഗതിമന്ദിരം (Poor Home) എന്നിവിടങ്ങളിൽ കഴിയുന്ന കുട്ടികൾ ഉള്ള കുടുംബം
(vii) കുടുംബം പോറ്റുന്നതിന് തൊഴിൽ ചെയ്യാൻ നിർബന്ധിതരായ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ ഉള്ള കുടുംബം.
(viii) ചേരിപ്രദേശത്തിൽ താമസിക്കുന്ന കുടുംബം
(ix) അബല മന്ദിരത്തിൽ താമസിക്കുന്ന വനിത അംഗമായിട്ടുള്ള കുടുംബം
(x) ലൈംഗിക തൊഴിലാളികൾ (Commercial sex workers) ഉള്ള കുടുംബം

4. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എസ്. എം. വിജയാനന്ദ്
ഗവൺമെന്റ് സെക്രട്ടറി (ആസൂത്രണം)

1. പഞ്ചായത്ത് ഡയറക്ടർ
2. ഗ്രാമവികസന കമ്മീഷണർ
3. നഗരകാര്യ വകുപ്പ് ഡയറക്ടർ
4. പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമവികസനം
5. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശസ്വയം ഭരണം
6. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
7. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
8. പബ്ളിക്ക് റിലേഷൻസ് വകുപ്പ് ഡയറക്ടർ (അടിയന്തര പത്രക്കുറിപ്പിന്)
9. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
10. എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും
11. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
12. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
13. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
14. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
15. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
16. എല്ലാ വകുപ്പ് തലവൻമാർക്കും
17. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
18. ഡയറക്ടർ, കേരള ഇൻസ്ററിററ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
19. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. എല്ലാ ജില്ലാ പ്ളാനിംഗ് ഓഫീസർമാർക്കും
21. പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിററ്), കേരള തിരുവനന്തപുരം

(ഉപരിപത്രംസഹിതം)

22. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
23. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിററ്
24. സ്റ്റേററ് പെർഫോർമൻസ് ആഡിററ് ഓഫീസർ
25. ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
26. സെക്രട്ടറി, കേരള ബ്ളോക്ക് പഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി, മുനിസപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ
28. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ

പകർപ്പ്

1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്
3. ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ് പ്രൈവററ് സെക്രട്ടറിക്ക്
4. മററു മന്ത്രിമാരുടെ പ്രൈവററ് സെക്രട്ടറിമാർക്ക്
5. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ പ്രൈവററ് സെക്രട്ടറിക്ക്
6. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
7. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
8. തദ്ദേശസ്വയം ഭരണവകുപ്പ്
9. ഗ്രാമവികസന വകുപ്പ്